(ഇ) ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കു പട്ടയ നടപടികൾ ഊർജിതമായി നടത്തി അർഹതയുള്ളവർക്ക് അടിയന്തിര മായി പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

76 (1302) കുടിയേറ്റ കർഷകർക്ക് പട്ടയം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടിയേറ്റ കർഷകർക്ക് സമയബന്ധിതമായി പട്ടയം നൽകാനുതകുന്ന എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

1.1.1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന കുടിയേറ്റ കർഷ കർക്ക് പ്രത്യേകം തയ്യാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകി വരവേ, ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ നിരോധന ഉത്തരവ് ഉണ്ടായതിനാൽ പട്ടയം നൽകുന്നത് നിർത്തിവച്ചിരിക്കയാണ്. മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനായി ഫോറസ്റ്റ്, റവന്യൂ വകുപ്പുകൾ ചേർന്ന് നടത്തുന്ന സംയുക്ത പരിശോധന മിക്ക ജില്ലകളിലും പൂർത്തിയായി. അർഹരായവരുടെ ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ട്. കോടതിയിലെ സ്റ്റേ നീക്കം ചെയ്യുന്ന മുറയ്ക്കു പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാ ണ്.

77 (1303) അത്താണിപ്പറമ്പ് കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് താലൂക്കിൽ കിഴക്കമ്പാലം പഞ്ചായത്തിൽ അത്താണിപ്പ റമ്പ് കോളനി നിവാസികളായ 17 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുന്നതി നുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

റിട്ട് അപ്പീലിൻമേലുള്ള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാന ത്തിലും, ഈ സ്ഥലം പതിച്ചു നൽകുന്നതിന് ജലസേചന വകുപ്പിന്റെ സമ്മ തവും ലഭിക്കുന്ന മുറയ്ക്കും അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

78 (1304) പട്ടയവിതരണത്തിനുള്ള കാലതാമസം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12(1) നോട്ടീസും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും അസൈൻമെന്റ് കമ്മിറ്റിയുടെ തീരുമാനവും ഉള്ള പട്ടയ അപേക്ഷയിൽ വീണ്ടും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly